**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1350** **13.07.2016-ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് പ്രത്യേക റിക്രൂട്ട്മെന്റ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. വി. അൻവർ | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) നിലമ്പൂർ മണ്ഡലത്തിലെ മാവോയിസ്റ്റ് ഭീഷണി ഫലപ്രദമായി നേരിടുന്നതിന് ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ പ്രത്യേക റിക്രൂട്ട്മെന്റ് നടത്തി പോലീസ് സേനയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ? | (എ) മാവോയിസ്റ്റ് ആക്രമണം ഫലപ്രദമായി നേരിടുന്നതിനായി പോലീസ് വകുപ്പിൽ 75 സിവിൽ പോലീസ് ഓഫീസർമാരുടെ റഗുലർ തസ്തിക സൃഷ്ടിച്ച് ആയതിലേക്ക് വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ ആദിവാസി യുവതി-യുവാക്കളെ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം സ്പെഷ്യൽ ഡ്രൈവ് മുഖേന 16.01.2016 തീയതിയിലെ സ.ഉ. (അ) നം.13/16/ആഭ്യന്തരം നമ്പർ പ്രകാരം നിയമിക്കാൻ ഉത്തരവായിരുന്നു. 27.06.2016-ലെ സ.ഉ. (കൈ) നം. 183/16/ ആഭ്യന്തരം ഉത്തരവ് പ്രകാരം വയനാട് ജില്ല മുഴുവൻ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് എന്നിവയെ സ്പെഷ്യൽ ഡ്രൈവിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയും ആകെയുള്ള 75 തസ്തികയിൽ 10% മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ